# NATIONAL BULLETIN

**DATE: 26.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ശക്തമായ ജനാധിപത്യ സംവിധാനവും, വൈദഗ്ധ്യമുള്ള തൊഴിലാളി സമൂഹവും ഇന്ത്യയുടെ വികസനത്തിന് ആക്കം കൂട്ടുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **A Strong Democratic System and a Skilled Workforce Will Accelerate India's Development, says PM Narendra Modi**
2. ഇന്ത്യൻ നാവിക സേനയുടെ ഉദയ്ഗിരി , ഹിമഗിരി യുദ്ധക്കപ്പലുകൾ വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്തു; മേക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് എന്നിവയുടെ മികച്ച ഉദാഹരണമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്.

   **Indian Navy's frontline frigates - Udaygiri and Himagiri Commissioned in Visakhapatnam; Symbols of 'Make in India' and Self-Reliant India, Says Defence Minister Rajnath Singh.**
3. പൂഴ്ത്തിവയ്പ്പ് തടയാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും ലക്ഷ്യമിട്ട് ഗോതമ്പിന്റെ ശേഖരത്തിന് പരിധി ഏർപ്പെടുത്തി കേന്ദ്രസർക്കാർ.

   **Centre Imposes Stock Limits on Wheat to Curb Hoarding and Safeguard Food Security.**
4. കേരളത്തിൽ ഓണാഘോഷങ്ങൾക്ക് തുടക്കമായി. സംസ്ഥാന സർക്കാരിൻറെ സൗജന്യ ഓണക്കിറ്റ് വിതരണം നാളെ മുതൽ.

   **Onam Celebrations Begin in Kerala; Free Onam Kits to Be Distributed by State Government from Tomorrow.**

5. ഇന്ത്യൻ ഇറക്കുമതിക്ക് 25 ശതമാനം അധിക തീരുവ ചുമത്താനുള്ള യു.എസ് തീരുമാനം നാളെ പ്രാബല്യത്തിൽ; ആഭ്യന്തര ഓഹരി വിപണികളിൽ ന ഷ്ടം.

**25% Additional U.S. Tariff on Indian Imports Takes Effect Tomorrow; Indian Markets React with Losses**

6. ജമ്മു മേഖലയിലും പ ഞ്ചാബിലും ഹിമാചൽ പ്രദേശിലും നാശം വിതച്ച് കനത്ത മഴ; കേരളത്തിലും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത.

**Heavy Rains Cause Destruction in Jammu, Punjab, and Himachal; Kerala May Experience Isolated Heavy Rains.**

&&&&&&&&&&&&&&&&&&

## PM - GUJARAT-TODAY

ശക്തമായ ജനാധിപത്യ സംവിധാനവും, വൈദഗ്ധ്യമുള്ള തൊഴിലാളി സമൂഹവും ഇന്ത്യയുടെ വികസനത്തിന് ആക്കം കൂട്ടുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യൻ നിർമിത ഇലക്ട്രിക് വാഹനങ്ങൾ ആഗോള തലത്തിലേക്ക് മുന്നേറുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. അഹമ്മദാബാദിലെ ഹൻസൽപൂരിൽ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രോഡുകളുടെ പ്രാദേശിക ഉത്പാദനത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. മാരുതി സുസുക്കിയുടെ ആദ്യ ഇലക്ട്രിക് വാഹനത്തിന്റെ ഫ്ലാഗ് ഓഫും പ്രധാനമന്ത്രി നിർവഹിച്ചു.

&&&&&&&&&&&&&&&&&&

## PREZ-GANESH CHATURTHI

രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യത്തെ ജനങ്ങൾക്ക് ഗണേശ ചതുർത്ഥി ആശംസകൾ നേർന്നു. ജ്ഞാനത്തിൻറെയും ക്ഷേമത്തിൻറെയും പുതിയ തുടക്കങ്ങൾ സംഭവിക്കട്ടേയെന്ന് രാഷ്ട്രപതി ആശംസിച്ചു. ഉത്സവാഘോഷവേളയിൽ പരിസ്ഥിതി സംരക്ഷണത്തിന് മുൻഗണന നൽകണമെന്നും ശ്രീമതി മുർമ്മു ജനങ്ങളോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## RAJNATH SINGH(INTRO)

ഇന്ത്യൻ നാവിക സേനയുടെ ഉദയ്ഗിരി, ഹിമഗിരി യുദ്ധകപ്പലുകളുടെ കമ്മീഷനിങ് വിശാഖപട്ടണത്ത് നടന്നു. മേക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് എന്നിവയുടെ മികച്ച ഉദാഹരണമാണ് ഇന്ന് കമ്മിഷൻ ചെയ്ത നാവിക സേന യുദ്ധകപ്പലുകളെന്ന് ചടങ്ങിനെ അഭിസംബോധന ചെയ്ത രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു.

നാവികസേനയിൽ ആധുനികവൽക്കരണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഒന്നിലധികം കപ്പൽശാലകളിൽ നിന്ന് ഒരേസമയം യുദ്ധക്കപ്പലുകൾ നിർമിക്കുന്നതെന്നും ശ്രീ. രാജ്നാഥ് സിംഗ് വ്യക്തമാക്കി.

(ഹോൾഡ് വോയിസ് )

ഉദയഗിരി, മുംബൈയിലെ കപ്പൽ നിർമാണ ശാലയിലും, ഹിമഗിരി, കൊൽക്കത്തയിലുമാണ് നിർമിച്ചത്.

&&&&&&&&&&&&&&&&&&

## GOVT WHEAT

പൂഴ്ത്തിവയ്പ്പ് തടയാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും ലക്ഷ്യമിട്ട് ഗോതമ്പിന്റെ ശേഖരത്തിന് പരിധി ഏർപ്പെടുത്തി കേന്ദ്രസർക്കാർ. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മൊത്തക്കച്ചവടക്കാർക്കും, ചില്ലറ വ്യാപാരികൾക്കും ഉൾപ്പെടെ ഇത് ബാധകമായിരിക്കും. മൊത്തക്കച്ചവടക്കാർക്കുള്ള സ്റ്റോക്ക് പരിധി മൂവായിരം മെട്രിക് ടണ്ണിൽ നിന്ന് രണ്ടായിരം മെട്രിക് ടണ്ണായും ചില്ലറ വ്യാപാരികൾക്ക് എട്ട് മെട്രിക് ടൺ ആയും നിജപ്പെടുത്തിയെന്ന് കേന്ദ്ര ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## US – INDIA – TARIFFS

ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതിക്ക് 25 ശതമാനം അധിക തീരുവ ചുമത്താനുള്ള അമേരിക്കയുടെ തീരുമാനം നാളെ മുതൽ പ്രാബല്യത്തിൽ. ഇത് സംബന്ധിച്ച് യുഎസ് കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.

ഇതോടെ ഇന്ത്യയിൽ നിന്നുള്ള ഉത്പന്നങ്ങളുടെ തീരുവ 50

ശതമാനമായി ഉയരും. നടപടി അന്യായവും, നീതീകരിക്കാനാവാത്തതും, യുക്തിരഹിതവുമാണെന്ന് ഇന്ത്യ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## SENSEX + GOLD

യുഎസ് അധിക താരിഫ് നാളെ പ്രാബല്യത്തിൽ വരുന്ന പശ്ചാത്തലത്തിൽ ആഭ്യന്തര ഓഹരി വിപണികളിലും ഇടിവ്. ബോംബെ ഓഹരി സൂചിക സെൻസെക്സ് 849 പോയിന്റ് ഇടിഞ്ഞ് 80,786 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 256 പോയിന്റ് നഷ്ടത്തിൽ 24,712 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവില കൂടി. പവന് 400 രൂപ വർധിച്ച് 74,840 രൂപയും ഗ്രാമിന് 9,355 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## KERALA - ONAM

കേരളത്തിൽ പത്ത് ദിവസത്തെ ഓണാഘോഷങ്ങളുടെ വരവറിയിച്ച് ഇന്ന് അത്തം. സ്കൂളുകൾ, ക്ഷേത്രങ്ങൾ, സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ മഹാബലിയുടെ സന്ദർശനത്തെ അനുസ്മരിക്കുന്ന ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. ഓണപ്പെരുമ വിളിച്ചറിയിച്ച് തൃപ്പൂണിത്തുറയിൽ ഇന്ന് വർണാഭമായ അത്തച്ചമയ ഘോഷയാത്ര നടന്നു. അത്തച്ചമയത്തിൻറെ ഉദ്ഘാടനം മന്ത്രി എംബി രാജേഷ് നിർവഹിച്ചു. മന്ത്രി പി. രാജീവ് അത്തപതാക ഉയർത്തി. മനുഷ്യരെ ഒന്നായി കാണുന്ന മറ്റൊരു ആഘോഷം ഇന്ത്യയിൽ ഒരിടത്തുമില്ലെന്ന് മന്ത്രി എം.ബി രാജേഷ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## GR ANIL - ONAM

സംസ്ഥാന സർക്കാരിൻറെ സൗജന്യ ഓണക്കിറ്റ് വിതരണത്തിൻറെ ഉദ്ഘാടനം മന്ത്രി ജി.ആർ.അനിൽ തിരുവനന്തപുരത്ത് നിർവഹിച്ചു . എ.എ.വൈ റേഷൻ കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുമാണ് 14 ഇനം അവശ്യ വസ്തുക്കൾ അടങ്ങിയ കിറ്റ് നൽകുന്നത്.

സൗജന്യ ഓണക്കിറ്റുകൾ നാളെ മുതൽ റേഷൻ കടകൾ വഴി വിതരണം ചെയ്യും.

&&&&&&&&&&&&&&&&&&

## GEORGE KURIAN

കേരളത്തിന് കേന്ദ്രം നൽകിക്കൊണ്ടിരുന്നത് ഒരു ലക്ഷത്തി പതിനെണ്ണായിരം മെട്രിക് ടൺ ധന്യമാണെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. ഓണത്തിന് ആറ് മാസത്തേക്ക് അരി അഡ്വാൻസായും കേന്ദ്രം അനുവദിച്ചെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## DOG - ATTACK

പാലക്കാട് ഷൊർണ്ണൂരിൽ സ്കൂൾ വിദ്യാർത്ഥിക്ക് തെരുവ് നായയുടെ കടിയേറ്റു. പരീക്ഷ കഴിഞ്ഞിറങ്ങിയ വിദ്യാർത്ഥിയെ തെരുവുനായ ആക്രമിക്കുകയായിരുന്നു. ഇതര സംസ്ഥാന തൊഴിലാളികളായ ദമ്പതികളുടെ മകനാണ് തെരുവുനായയുടെ ആക്രമണത്തിന് ഇരയായത്.

&&&&&&&&&&&&&&&&&&

## DAY IMD WEATHER

രാജസ്ഥാൻ, ഹരിയാന, ചണ്ഡീഗഢ്, ഗുജറാത്ത്, ആന്ധ്രാ പ്രദേശ്, ഒഡീഷ, ലഡാക്ക് എന്നിവിടങ്ങളിൽ അതി ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഛത്തീസ്ഗഢ്, കർണാടക, കേരള, കൊങ്കൺ, ഗോവ, മഹാരാഷ്ട്ര, തെലങ്കാന, ഉത്തരാഖണ്ഡ്, എന്നിവിടങ്ങളിലും അടുത്ത മൂന്ന് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. കേരളത്തിൽ നാളെ എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## IMD - AIRLINES

ഡൽഹിയിലും ശക്തമായ മഴ. പ്രതികൂല കാലാവസ്ഥയെ തുടർന്ന് എയർ ഇന്ത്യ, സ്പൈസ് ജെറ്റ്, ഇൻഡിഗോ ഉൾപ്പെടെയുള്ള വിമാനകമ്പനികൾ യാത്രക്കാർക്ക് മാർഗനിർദേശങ്ങൾ

പുറപ്പെടുവിച്ചു. യാത്രയ്ക്ക് മുന്നോടിയായി വെബ്സൈറ്റ് പരിശോധിക്കണമെന്ന് വിമാനകമ്പനികൾ അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## PUNJAB FLOODS

പഞ്ചാബിലും തുടർച്ചയായ മഴയിൽ ജനജീവിതം ദുരിതത്തിൽ. ഫാസിൽക്ക, പത്താൻകോട്ട് എന്നിവിടങ്ങളിൽ നിരവധി ഗ്രാമങ്ങൾ ഒറ്റപ്പെട്ടു. സൈന്യത്തിന്റെയും എൻഡിആർഎഫ് സംഘങ്ങളുടെയും സഹായത്തോടെ ജനങ്ങളെ എയർലിഫ്റ്റ് ചെയ്യാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്. ബിയാസ് നദിയിലെ വെള്ളപ്പൊക്കത്തെ തുടർന്ന് 20 ലേറെ ഗ്രാമങ്ങളിൽ കനത്ത നാശ നഷ്ടമുണ്ടായി.

&&&&&&&&&&&&&&&&&&

## JK - RAINFALL

തുടർച്ചയായി പെയ്യുന്ന മഴയിൽ ജമ്മു കശ്മീരിൽ വെള്ളപ്പൊക്കം. ജമ്മുവിലെ താവി നദിയിൽ ജലനിരപ്പ് അപകടനിലയ്ക്ക് മുകളിലായി. ജനങ്ങൾ വീടിനുള്ളിൽ തന്നെ തുടരാനും ജലാശയങ്ങളുടെ സമീപത്ത് പോകരുതെന്നും ഭരണകൂടം അഭ്യർത്ഥിച്ചു. കനത്ത മഴയെത്തുടർന്ന് വൈഷ്ണോ ദേവി ക്ഷേത്രത്തിലേക്കുള്ള തീർത്ഥാടനം നിർത്തിവച്ചു. ജമ്മു-ശ്രീനഗർ ദേശീയ പാതയിൽ ഗതാഗതം നിരോധിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ഔദ്യോഗിക സമൂഹ മാധ്യമങ്ങളിൽ നൽകിയിട്ടുള്ള ഹെൽപ്ലൈൻ നമ്പറുകളിൽ ബന്ധപ്പെടണമെന്ന് അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## MODI - JAPAN VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 29, 30 തീയതികളിൽ ജപ്പാൻ സന്ദർശിക്കും. ജപ്പാൻ പ്രധാനമന്ത്രി ഷിഗെരു ഇഷിബയ്ക്കൊപ്പം 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഉഭയകക്ഷി ബന്ധത്തിന്റെ പുരോഗതി വിലയിരുത്താൻ വാർഷിക ഉച്ചകോടി അവസരം ഒരുക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## MEA-CHINA (INTRO)

ചൈനയിൽ നടക്കാനിരിക്കുന്ന 25-ാമത് ഷാങ്ഹായ് സഹകരണ സംഘടനാ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. ഈ മാസം 31നും അടുത്ത മാസം ഒന്നിനുമാണ് യോഗം. ചൈനീസ് പ്രധാനമന്ത്രി ഷി ജിങ് പിങ്ങിൻറെ ക്ഷണ പ്രകാരമാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. ഭീകരവാദം, വിഘടനവാദം, തീവ്രവാദം എന്നിവയ്ക്കെതിരെ പോരാടുകയാണ് എസ്. സി. ഒ യുടെ ലക്ഷ്യമെന്ന് വിദേശകാര്യ സെക്രട്ടറി തന്മയ ലാൽ പറഞ്ഞു.

**(ഹോൾഡ് വോയ്സ്........)**

&&&&&&&&&&&&&&&&&&

## SPORTS - SHOOTING

കസാക്കിസ്ഥാനിൽ നടന്ന 16-ാമത് ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 50 മീറ്റർ റൈഫിൾ- 3 പൊസിഷൻ ഇനത്തിൽ ഇന്ത്യയുടെ സിഫ്റ്റ് കൗർ സാമ്രക്ക് സ്വർണം. ഷൂട്ടർ എയ്റ്റ് ഫൈനലിൽ ഇന്ത്യൻ താരം ആഷി ചൗക്സി ഏഴാം സ്ഥാനത്തെത്തി.

&&&&&&&&&&&&&&&&&&

## NEERAJ CHOPRA

സ്വിറ്റ്സർലന്റിലെ സൂറിച്ചിൽ നടക്കുന്ന ഡയമണ്ട് ലീഗ് ഫൈനലിൽ ഒളിമ്പിക് മെഡൽ ജേതാവായ, ഇന്ത്യൻ ജാവലിൻ ത്രോ താരം നീരജ് ചോപ്ര പങ്കെടുക്കും. മറ്റന്നാളാണ് മത്സരം.

&&&&&&&&&&&&&&&&&&

## SHAH - VIBRANT VILLAGE

വൈബ്രന്റ് വില്ലേജ് പ്രോഗ്രാമുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ നടക്കുന്ന ദ്വിദിന ശില്പശാല കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു. അതിർത്തി ഗ്രാമങ്ങളിലെ ജനങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, അതിർത്തി ഗ്രാമങ്ങളിൽ നിന്നുള്ള കുടിയേറ്റം തടയുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങളെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## CENTRE – FUND RURAL BODIES

ഒഡീഷ, മിസോറാം, ത്രിപുര എന്നിവിടങ്ങളിലെ ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ആദ്യ ഗഡുവായി കേന്ദ്രം 284 കോടി രൂപ അനുവദിച്ചു. ഒഡീഷയിലെ ഗ്രാമപഞ്ചായത്തുകൾക്കായി 240 കോടി രൂപയും, മിസോറാമിന് 14 കോടി രൂപയും, ത്രിപുരയ്ക്ക് ഏകദേശം 30 കോടി രൂപയും അനുവദിച്ചതായി കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയം അറിയിച്ചു. ഒരു സാമ്പത്തിക വർഷത്തിൽ രണ്ട് ഗഡുക്കളായാണ് ഗ്രാന്റുകൾ വിതരണം ചെയ്യുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&